

**"ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു"**

**ഓഗസ്റ്റ് 2015 : വിചിന്തനം – ഹെബ്രായർ 10:5–22**

പ്രാർത്ഥന നമ്മുടെ ജീവിതത്തിലേക്കു കൊണ്ടുവരുന്ന ശാന്തി നാമെല്ലാവരും അനുഭവിച്ചിട്ടുണ്ട്. നമ്മുടെ പോരാട്ടങ്ങളുടെയും ഉത്കണ്ഠകളുടേയും മധ്യേ, അഭയവും ഉറപ്പും കരുണയും സൗഖ്യവും കണ്ടെത്തുവാൻ നാം ദൈവത്തിലേക്ക് തിരിയുന്നു. കഴിഞ്ഞ മാസം നാം വിചിന്തനം ചെയ്തതുപോലെ, നാം ഇപ്രകാരം ദൈവത്തെ സമീപിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഒരു അമ്മയുടെ സനിഗ്ദ്ധതയോടെ മനുഷ്യ ജീവിതം ആരംഭിക്കുന്നതുപോലെ, ആത്മീയ ജീവിതം ദൈവത്തിന്റെ ചേർത്തണയ്ക്കുന്ന ആശ്ലേഷത്തിൽ വേരുറപ്പിക്കപ്പെട്ടതാണ്. എന്നിരുന്നാലും, വിശുദ്ധ പൗലോസ് എഴുതുന്നു : "ഗുരുവായ ഭക്ഷണം കഴിക്കാൻ ശക്തരല്ലാതിരുന്നതിനാൽ നിങ്ങൾക്കു ഞാൻ പാൽ തന്നു" (1 കോറി 3:2) യേശുവിന്റെ ജീവിതത്തിൽ നിന്ന് നാം പഠിക്കുന്നത്, ദൈവവുമായി നാം ആസ്വദിക്കുന്ന പുത്രസഹജമായ ബന്ധം, പ്രാർത്ഥനയുടെ ഗാഢബന്ധം, അവിടുത്തെ സാന്ത്വനവും ഉറപ്പും സ്വീകരിക്കുന്നതിനേക്കാൾ അഗാധമാണ് എന്നാണ്.

ദൈവവുമായി അടുക്കുന്നതിന്റെ സാദൃശ്യത്തിൽ ആണ് പ്രാർത്ഥനയെക്കുറിച്ച് നാം വിചിന്തനം ചെയ്തുകൊണ്ടിരുന്നത്. സ്നേഹിക്കുന്ന ഒരാളെ നാം സമീപിക്കുന്നതുപോലെയോ, ഒരു കുഞ്ഞ് സ്വപിതാവിന്റെ കരങ്ങളിലേക്ക് ഓടിയണയുന്നതുപോലെയോ ആണ് നാം ദൈവത്തെ സമീപിക്കുന്നത് വിഭാവനം ചെയ്യുക. ഇവയെല്ലാം മനോഹരമായ ബിംബങ്ങളായിരിക്കെ, ദൈവത്തെ സമീപിക്കുന്നതിലെ ആത്മീയമുന്നേറ്റം യഥാർത്ഥത്തിൽ ഈ സാദൃശ്യം കൊണ്ട് ഗ്രഹിക്കാവുന്നതിലുമേറെ അത്യധികം ഗഹനമാണ്. നാം ശാരീരികമായി മറ്റൊരാളുടെ അടുത്ത് എത്തുമ്പോൾ ആ പ്രക്രിയയിൽ നാം സ്വയം മാറുകയില്ല. എന്നാൽ ആത്മീയമായി ദൈവത്തോടു അടുക്കുമ്പോൾ, നമ്മുടെ അഹം അവിടുത്തെ കൃപയാൽ രൂപാന്തരപ്പെടുകയും പ്രകാശിതമാകുകയും ചെയ്യുന്നു. നാം "ദൈവീക സ്വഭാവത്തിൽ പങ്കുകാരാകുന്നു."(2പത്രോസ് 1:4) ദൈവത്തിന്റെ അടുത്ത് എത്തുകയെന്നത് ദൈവത്തെപ്പോലെയാകുകയാണ്. പരമാർത്ഥമായ പ്രാർത്ഥന ഇപ്രകാരം നമ്മെ ദൈവത്തിലേക്ക് നയിക്കുന്നു. സങ്കീർത്തകൻ പ്രാർത്ഥിക്കുന്നതുപോലെ : " കർത്താവിന്റെ മലയിൽ ആരു കയറും? അവിടുത്തെ വിശുദ്ധ സ്ഥലത്ത് ആരു നിൽക്കും? കളങ്കമറ്റ കൈകളും നിർമ്മലമായ ഹൃദയവും ഉള്ളവൻ" (സങ്കീ 24:3)

അതുപോലെ, നമ്മുടെ കാഴ്ചവസ്തുവുമായി ദൈവത്തിന്റെ ബലിപീഠത്തെ സമീപിക്കുന്നതിനു മുമ്പ് നമ്മുടെ സഹോദരീസഹോദരന്മാരുമായി രമ്യതപ്പെടുവാൻ യേശു നമ്മെ പഠിപ്പിക്കുന്നു.(മത്താ 5:23–24) പ്രാർത്ഥനയെന്തെന്ന് മനസിലാക്കുന്നതിന് നാം ഉപയോഗിക്കേണ്ടതായ മറ്റൊരു ഉപമാനം ഈ ഉദാഹരണങ്ങൾ ചൂണ്ടികാട്ടുന്നു. നമ്മുടെ

ഹൃദയം ദൈവത്തിന്റെ പക്കലേക്കു കൊണ്ടുവരുന്നതിൽ സമാശ്വാസം മാത്രമല്ല, പിന്നെയോ ഒരു മാറ്റം, മടങ്ങിവരവ് ഉൾചേർന്നിരിക്കുന്നു. മാനസാന്തരം എന്ന വാക്കിന്റെ വാച്യാർത്ഥം "മടങ്ങിവരിക" എന്നാണ്. നമ്മുടെ പിതാവായ ദൈവം മക്കൾ അവിടത്തെ പക്കലേക്കു വരണമെന്ന് തീവ്രമായി ആഗ്രഹിക്കുന്നു. എന്നാൽ അവിടുന്ന് ദാഹിക്കുന്നത്, നാം "വിശ്വാസത്തിന്റെ ഉറപ്പുള്ള സത്യഹൃദയത്തോടെ അടുത്തു ചെല്ലുന്നതും, ദുഷ്ടമനസാക്ഷിയിൽ നിന്നും നമ്മുടെ ഹൃദയത്തെ വെടിപ്പാക്കുന്നതും ശരീരം ശുദ്ധജലത്തിൽ കഴുകുന്നതും" ആണ് (ഹെബ്രാ : 10:22)

ഹെബ്രായർക്കുള്ള ലേഖനത്തിന്റെ കർത്താവ്, സങ്കീർത്തകനെ ഉദ്ധരിച്ചുകൊണ്ട് എഴുതുന്നു : ക്രിസ്തു ലോകത്തിലേക്കു വന്നപ്പോൾ, "ദൈവമേ അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു." ക്രിസ്തുവിന്റെ ജീവിതത്തിന്റെയും ശുശ്രൂഷയുടെയും ഓരോ നിമിഷത്തിലും മാറ്റമില്ലാതെയും പരിപൂർണ്ണമായും തുടർന്നുപോന്ന പ്രമേയം ഇതായിരുന്നു. ബെനഡിക്ട് മാർപാപ്പ എഴുതി:"അന്തിക്രിസ്തു സ്വന്തം നാമത്തിൽ സംസാരിക്കുന്നുവെന്നതാണ് അയാളുടെ അടയാളം. പുത്രന്റെ അടയാളം പിതാവുമായുള്ള സ്നേഹൈക്യമാണ്. പുത്രൻ നമ്മെ ത്രിത്വൈക സ്നേഹഐക്യത്തിലേക്ക് പരിചയപ്പെടുത്തുന്നു." മാനസാന്തരമെന്നത് യേശുവിനെ നാം വ്യക്തിപരമായി സ്വീകരിക്കുന്ന ആ പ്രത്യേക നിമിഷം മാത്രമല്ല; മാനസാന്തരമെന്നത് ദൈവത്തിലേക്കു തിരിയുന്നതാണ്; അവിടുന്നുമായി സ്നേഹ ഐക്യത്തിലാവുന്നതാണ്; നമ്മിലെ എതിർപ്പ് അവസാനിപ്പിച്ച് തിരുഹിതത്തോട് മുഴുവനായി പൊരുത്തപ്പെടുന്നതാണ്. തിരുസഭയുടെ പുരാതന പാരമ്പര്യത്തിൽ ഇപ്രകാരമൊരു വിശ്വാസമുണ്ട്; അധപതിച്ച മാലാഖമാരുടെ പതനത്തിൽ ലൂസിഫർ അട്ടഹസിച്ചു : "നോൺ സെർവിയം" – "ഞാൻ സേവിക്കില്ല". മുഖ്യദൂതനായ വിശുദ്ധ മിഖായേൽ ശക്തമായി പ്രത്യുത്തരിച്ചു. " സെർവിയാം" നമ്മുടെ ഹൃദയത്തിൽ അനുഭവിക്കുന്ന എതിർപ്പിനും, നമ്മുടെ ഹൃദയത്തിൽ ആഴത്തിൽ വ്യാപരിക്കുന്ന അനുസരണക്കേടിനും ഫലപ്രദമായ പരിഹാരം എന്ന നിലയിൽ അനേകം കത്തോലിക്കർ "സെർവിയാം" എന്ന ശക്തമായ വാക്ക് പ്രാർത്ഥിച്ചുകൊണ്ട് ഓരോ പ്രഭാതത്തിലും ഉണർന്നെണീക്കുന്നു.

പുത്രീപുത്രന്മാരെന്ന നിലയിൽ ദൈവം നമ്മെ വിളിക്കുന്ന ഗാഢബന്ധം, പുത്രനിർവിശേഷമായ പ്രാർത്ഥനയുടെ സൗന്ദര്യം കുടികൊള്ളുന്നത്, നമ്മെത്തന്നെ മുഴുവനായി ദൈവത്തിന് അടിയറവ് വയ്ക്കുന്നതിലാണ്; നമ്മുടെ ഹിതം ദൈവഹിതത്തിന് വിധേയമാക്കുന്നതിലാണ്. യേശു തന്റെ പിതാവിനോട് ഗാഢമായി പ്രാർത്ഥിക്കുന്നു :"എന്റെ പിതാവേ, സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകന്നുപോകട്ടെ, എങ്കിലും എന്റെ ഹിതം പോലെയല്ല, അവിടുത്തെ ഹിതം പോലെയാകട്ടെ"(മത്താ:26:39) നാമോരോരുത്തരോടുമുള്ള ഈ സാമീപ്യത്തിനാണ് ദൈവം ദാഹിക്കുന്നത്. ഈ ജീവിതത്തിൽ നമുക്ക് ഓരോരുത്തർക്കും പ്രാപിക്കാവുന്ന അത്യന്തിക നന്മയും ഇതു തന്നെയാണ്. പ്രാർത്ഥനയുടെ ഒരു ജീവിതത്തിലൂടെയാണ് ഇതെല്ലാം സാധ്യമാകുക. " എനിക്ക് പ്രാർത്ഥിക്കുന്ന ഒരു പാവപ്പെട്ട സന്യാസി മാത്രമായാൽ മതി"യെന്ന് വിശുദ്ധ പാദ്രെ പിയോ മിക്കപ്പോഴും പറയുന്നതിൽ നാം അതിശയിക്കേണ്ടതില്ല.

എല്ലാ ദിവസവും പ്രാർത്ഥിക്കുക; ദിവസത്തിൽ വ്യത്യസ്ത സമയങ്ങളിൽ പ്രാർത്ഥിക്കുക; അങ്ങിനെ കൂടെക്കൂടെ ദൈവത്തിലേക്ക് തിരിയുന്ന, നമ്മുടെ എതിർപ്പുകളെ ശാന്തമാക്കുന്ന, അവിടത്തേക്ക് നമ്മെത്തന്നെ കാഴ്ചയർപ്പിക്കുന്ന, ഈ പ്രക്രിയയെ നമ്മുടെ അനുദിനജീവിതത്തിന്റെ അടിസ്ഥാനമാക്കാൻ നമുക്ക് കഴിയും. പ്രാർത്ഥനയിൽ അവിടുത്തെ ചാരത്തണയുന്നത് ലോകത്തിൽ നിന്നുള്ള ഒരു പിൻവാങ്ങൽ മാത്രമല്ല; അത് കരുത്തിന്റെ ഒരു സ്രോതസ്സാണ്; ദൈവഹിതമനുസരിച്ച് ജീവിതം സാധിക്കുന്നത്ര അർത്ഥപൂർണ്ണവും ധീരോചിതവും സ്നേഹപൂർണ്ണവുമായ രീതിയിൽ എങ്ങനെ ജീവിക്കാമെന്നു നമുക്കു കാട്ടിത്തരുന്ന ഒളിമങ്ങാത്ത പ്രകാശമാണ്.

"തന്റെ പിതാവിന് പൂർണ്ണമായി വിധേയപ്പെട്ട ജീവിതം വീണ്ടും ജീവിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. ഇന്ന് നിന്നിൽ അപ്രകാരം ചെയ്യുവാൻ അവിടുത്തെ അനുവദിക്കുക." – വാഴ്ത്തപ്പെട്ട മദർ തെരേസ

*കർത്താവേ, ഒരു മാറ്റത്തിനായി, ഒരു മടങ്ങിവരവിനായി എന്നെ വിളിച്ചതിന് ഞാൻ നന്ദിപറയുന്നു, സ്തുതിക്കുന്നു. പ്രാർത്ഥനയിൽ സദാ തിരുമുഖത്തേക്ക് നോക്കാനും, പ്രകാശിതരാകാനും ഞങ്ങളെ ഓരോരുത്തരേയും അനുഗ്രഹിച്ചാലും. ആമേൻ.*